"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സമാശ്വാസ തൊഴിൽദാന പദ്ധതി -കൊച്ചി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 20.08.2019 തീയതിയിൽ മരണപ്പെട്ട ശ്രീ.ആർ.ചന്ദ്രൻ-ന്റെ മകൻ ശ്രീ.സതീഷ്ചന്ദ്രന്റെ ആശ്രിത നിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.803/2025/LSGD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-
1. സ.ഉ (പി)നം.12/99/ഉഭപവ തീയതി 24.05.1999
2. 18.05.2004 ലെ 6678./ഉപ.സി.02/2004/ഉഭപവ നമ്പർ സർക്കുലർ
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.11.2024 &17.12.2024 തീയതികളിലെ LSGD/PD/16637/2024-DEF7 നമ്പർ കത്ത്

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 20.08.2019 തീയതിയിൽ മരണപ്പെട്ട ശ്രീ.ആർ.ചന്ദ്രൻ-ന്റെ മകൻ ശ്രീ.സതീഷ്ചന്ദ്രൻ (ഹൗസ് നം15/1727, രാമേശ്വരം കോളനി, ബീച്ച് റോഡ് കൊച്ചി-2 എറണാകുളം പിൻ-682002) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം സർക്കാർ ഉത്തരവ് പ്രകാരം ഒരു സർക്കാർ ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ ടിയാളുടെ ആശ്രിതൻ മേജർ ആണെങ്കിൽ ഉദ്യോഗസ്ഥന്റെ മരണശേഷം രണ്ടു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ.

2. കൊച്ചി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 20.08.2019 തീയതിയിൽ മരണപ്പെട്ട ശ്രീ.ആർ.ചന്ദ്രൻ-ന്റെ മകൻ ശ്രീ.സതീഷ്ചന്ദ്രൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 03.02.2022 -ൽ ആണെന്ന് പരാമർശം (3)പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകൻ മേജറായതിനാൽ 5 മാസം, 13 ദിവസത്തെ കാലതാമസം വന്നിട്ടുള്ളതായി കാണുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി ശ്രീ.സതീഷ്ചന്ദ്രൻ സമർപ്പിച്ച അപേക്ഷയിൽ കാലതാമസം സംബന്ധിച്ച അപേക്ഷ ഉള്ളടക്കം ചെയ്തിരുന്നില്ല. കൊറോണ കാലഘട്ടമായതിനാൽ ആവശ്യമായ രേഖകൾ ലഭിക്കുവാൻ കാലതാമസം വന്നുപോയതിനാലാണ് അപേക്ഷ യഥാസമയം സമർപ്പിക്കുവാൻ കഴിയാഞ്ഞതെന്നും ആയത് മാപ്പാക്കി ആശ്രിത നിയമനം നൽകണമെന്നുമുള്ള ശ്രീ.സതീഷ്ചന്ദ്രൻ ന്റെ അപേക്ഷ 17.12.2024ലെ പരാമർശം (3)കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) സർക്കുലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരവെ 20.08.2019 തീയതിയിൽ മരണപ്പെട്ട ശ്രീ.ആർ.ചന്ദ്രൻ ന്റെ മകൻ ശ്രീ.സതീഷ്ചന്ദ്രൻ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ
ശ്രീ.സതീഷ്ചന്ദ്രൻ (ഹൗസ് നം15/1727,രാമേശ്വരം കോളനി, ബീച്ച് റോഡ് കൊച്ചി-2
എറണാകുളം പിൻ-682002)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-03-2025 11:45:02
സെക്ഷൻ ഓഫീസർ